<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പതിനാലാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.2586

9.7.2015-ൽ
മറുപടിയ്ക്ക്

## ലാന്റ് ട്രൈബ്യൂണലുകളിലെ തീർപ്പാക്കാനുള്ള അപേക്ഷകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ചന്ദ്രൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ വിവിധ ലാന്റ് ട്രൈബ്യൂണലുകളിലൂടെ കഴിഞ്ഞ ആറ് മാസത്തിനിടയിൽ എത്ര പട്ടയങ്ങൾ അനുവദിച്ചു; | (എ) കഴിഞ്ഞ ആറു മാസത്തിനുള്ളിൽ പാലക്കാട്, ഒറ്റപ്പാലം ലാന്റ് ട്രൈബ്യൂണലുകളിൽ യഥാക്രമം 421 ഉം 67 ഉം പട്ടയങ്ങൾ അനുവദിച്ചു. |
| (ബി) പ്രസ്തുത ജില്ലയിലെ ലാന്റ് ട്രൈബ്യൂണലുകളിൽ 31.3.15 വരെയുള്ള കാലയളവിൽ എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്; | (ബി) പാലക്കാട്, ഒറ്റപ്പാലം ലാന്റ് ട്രൈബ്യൂണലുകളിൽ യഥാക്രമം 4967, 15943 കേസ്സുകൾ തീർപ്പാക്കാനുണ്ട്. |
| (സി) ഇവ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (സി) 19.05.2015 ന് ലാന്റ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ലാന്റ് ട്രൈബ്യൂണലുകളുടെ റിവ്യൂമീറ്റിംഗിൽ ലാന്റ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാതെ കിടക്കുന്ന കേസ്സുകളിൽ 60% കേസ്സുകൾ മൂന്നു മാസത്തിനുള്ളിൽ തീർപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ സ്പെഷ്യൽ തഹസിൽദാർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. കൂടാതെ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ലാന്റ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന |

കേസ്സുകൾ അടിയന്തരമായി തീർപ്പാക്കുവാനായി അതത് ജില്ലകളിലെ റവന്യൂ റിക്കവറി, പൊന്നുംവില സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാന്റ് ട്രൈബ്യൂണലിന്റെ അധിക ചുമതല ആറ് മാസത്തേയ്ക്ക് നൽകി വിജ്ഞാപനം സമയബന്ധിതമായി പുറപ്പെടുവിയ്ക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

Sheeja

സെക്ഷൻ ഓഫീസർ